# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2872 — 28/01/2014 ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം വിതരണം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
,, എ. എം. ആരിഫ്

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

എ) യൂണിഫോം വിതരണം ചെയ്യുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുവാൻ വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ടെൻഡർ ഫോർമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടെൻഡർ യോഗ്യത നേടിയ 7 കമ്പനികളെയും, പൊതുമേഖലാ സ്ഥാപനമായ എൻ.ടി.സിയെയും ചേർത്ത് 8 കമ്പനികളെ എംപാനൽ ചെയ്യുകയുമുണ്ടായി. സ്കൂൾ അധികൃതർക്ക് എംപാനൽ ചെയ്ത കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുന്നതിന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഈ അധ്യയന വർഷം തന്നെ സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ലൈ ഓർഡർ നൽകി വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ബി) യൂണിഫോം വിതരണത്തിന് മുൻവർഷങ്ങളിൽ അനുവർത്തിച്ചിരുന്ന നടപടിക്രമങ്ങളിൽ മാറ്റം വരുത്തുകയുണ്ടായോ ; എങ്കിൽ മാറ്റം വരുത്തുവാനുണ്ടായ കാരണം വിശദമാക്കാമോ ; പുതിയ തീരുമാനമനുസരിച്ച് യൂണിഫോം എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത് ;

ബി) 2012-13 വർഷത്തിൽ കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ തീരുമാനപ്രകാരം സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥി കൾക്കും എസ്.എം.സി കൾ മുഖാന്തിരം യൂണിഫോം വിതരണം ചെയ്തിരുന്നു. എന്നാൽ എയിഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എസ്.എസ്.എ ഫണ്ട് MHRD നിബന്ധനപ്രകാരം ലഭിക്കാത്ത സാഹചര്യത്തിൽ വിവേചനരഹിതമായ

ഈ അവസ്ഥക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയിഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം 2013-14 മുതൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതിനായി 80 കോടി രൂപ അനുവദിക്കുകയും ടെൻഡർ ഫോർമുലേഷൻ ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിക്കുകയും, 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിനായി എംപാനൽ ചെയ്യുകയുമുണ്ടായി. ടി കമ്പനികളിൽ നിന്നോ, പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിലേക്കായി ആദ്യ ഗഡു തുക വിതരണം ചെയ്തിട്ടുണ്ട്. എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ളൈ ഓർഡർ നൽകി ബന്ധപ്പെട്ട എ.ഇ.ഓ ഓഫീസിൽ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

സി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ ; ടെണ്ടർ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

സി) യൂണിഫോം തുണിത്തരങ്ങൾ സപ്ളൈ ചെയ്യുന്നതിനായി യോഗ്യതയുള്ള കമ്പനികളെ എംപാനൽ ചെയ്യുവാൻ 29/06/2013 ൽ വിദ്യാഭ്യാസ ഡയറക്ടർ ടെൻഡർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടെൻഡർ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.

ഡി) ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത് ; വിശദാംശം നൽകാമോ ;

ഡി) താഴെപ്പറയുന്ന കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്.

1. സുസുക്കി ടെക്സ്റ്റയിൽസ് ലിമിറ്റഡ്, ഭിൽവാര, രാജസ്ഥാൻ.
2. മഫത് ലാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്,അഹമ്മദാബാദ്, ഗുജറാത്ത്
3. എസ്.കുമാർസ് നേഷൻവൈഡ് ലിമിറ്റഡ്, മുംബൈ.
4. റെയ്മണ്ട് ലിമിറ്റഡ്, താനെ
5. അലോക് ഇൻഡസ്ട്രീസ്, മുംബൈ.
6. രാമേശ്വർ ടെക്സ്റ്റയിൽ, സൂറത്ത്
7. സംഘം ഇന്ഡ്യാ ലിമിറ്റഡ്, രാജസ്ഥാൻ
8. ബൻസ്വാര സിന്റെക്സ് ലിമിറ്റഡ്, മുംബൈ.
9. അരവിന്ദ് ലിമിറ്റഡ്, അഹമ്മദാബാദ്.
10. ആർ.എസ്.ഡബ്ല്യൂ.എം ലിമിറ്റഡ്, മുംബൈ
11. ബേബി ടെക്സ്റ്റയിൽസ്, തിരുവനന്തപുരം.

| | | | |
|---|---|---|---|
| ഇ) | വിവിധ സംസ്ഥാനങ്ങളിൽ യൂണിഫോം വിതരണം ചെയ്ത് മുൻപരിചയമുള്ള പൊതുമേഖലാ സ്ഥാപനമായ എൻ.ടി.സി. ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായോ; ഈ സ്ഥാപനത്തെ പരിഗണിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ടെണ്ടർ തള്ളാനുള്ള കാരണം വ്യക്തമാക്കുമോ; | ഇ) | ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല; എങ്കിലും പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ എൻ.ടി.സിയെ എംപാനൽ ചെയ്ത കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| എഫ്) | ഈ അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും യൂണിഫോം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഇത് എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ ? | എഫ്) | ഈ അധ്യായന വർഷം തന്നെ സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ലൈ ഓർഡർ നൽകി യൂണിഫോം വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ